# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3366 13.03.17 ൽ മറുപടിയ്ക്ക്**

**ട്രക്കർ-ടെമ്പോ എന്നിവ പിടിച്ചെടുക്കുന്നത് മൂലമുള്ള പ്രശ്നങ്ങൾ**

| | ചോദ്യം<br>ശ്രീ. എം. വിൻസെന്റ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | ടാക്സ്,ഇൻഷ്വറൻസ് എന്നിവ കൃത്യമായി അടയ്ക്കുന്ന ട്രക്കർ, ടെമ്പോകൾ അകാരണമായി പിടിച്ചെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. ടാക്സ്, ഇൻഷ്വറൻസ് എന്നിവ കൃത്യമായി അടയ്ക്കുന്ന ഒരു വാഹനവും അകാരണമായി പിടിച്ചെടുക്കുന്നില്ല. ടാക്സ്, ഇൻഷ്വറൻസ് എന്നിവ കൃത്യമായി അടച്ചിട്ടുണ്ടെങ്കിലും മറ്റ് മോട്ടോർവാഹന നിയമങ്ങൾ ലംഘിക്കുകയാണെങ്കിൽ ടാക്സ്, ഇൻഷ്വറൻസ് എന്നിവ കൃത്യമായി അടച്ചിട്ടുണ്ടെന്ന കാരണത്താൽ മറ്റ് നിയമ നടപടികളിൽ നിന്നും ഒഴിവാക്കുവാൻ സാധിക്കുകയില്ല. |
| (ബി) | ഇങ്ങനെ വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനു പകരം ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതിരിക്കാൻ കെ.എസ്.ആർ.ടി.സി ഉൾപ്പെടെയുള്ള വാഹനങ്ങൾ ഇട റൂട്ടുകളിൽ സർവ്വീസ് തുടങ്ങാൻ തയ്യാറാകുമോ; | (ബി) | ഏത് മേഖലയിലാണ് ആവശ്യം എന്ന് അറിയിക്കുന്ന പക്ഷം കെ.എസ്.ആർ.ടി.സി ഇട റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കുന്നകാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | മോട്ടോർ വാഹന വകുപ്പിന്റെ നടപടികൾ മൂലം, നെയ്യാറ്റിൻകര താലൂക്കിലെ അയ്യായിരത്തോളം വരുന്ന ട്രക്കർ-ടെമ്പോ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | മോട്ടോർവാഹന നിയമം അനുസരിച്ച് ഈ മേഖലയിലെ ടെമ്പോ, ട്രക്കർ തൊഴിലാളികൾക്ക് സർവ്വീസ് നടത്തുന്നതിന് മോട്ടോർവാഹന വകുപ്പ് എതിര് നിൽക്കുന്നില്ല. |

സെക്ഷൻ ഓഫീസർ